"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - റെയിൽവെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ മരണപ്പെട്ട ശ്രീ എൻ.ജോയിയുടെ മാതാവിന് ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് നൽകുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1542/2024/LSGD തീയതി,തിരുവനന്തപുരം, 17-08-2024

---

പരാമർശം:-

1. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2023 നമ്പർ ഉത്തരവ്

2. തിരുവനന്തപുരം നഗരസഭ കൗൺസിലിന്റെ 19/07/2024 ലെ 1(1) നമ്പർ തീരുമാനം

3. തിരുവനന്തപുരം നഗരസഭ മേയറുടെ 22/07/2024 ലെ സി7/101/2024 നമ്പർ കത്ത്.

റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ.ജോയിയുടെ നിർദ്ധനയായ മാതാവിന് കൈത്താങ്ങാവുന്നതിനായി ലഭ്യമായ സ്ഥലത്ത് തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ ഭവനം നിർമ്മിച്ച് നൽകുന്നതിന് പരാമർശം 2 പ്രകാരമുള്ള നഗരസഭ കൗൺസിൽ തിരുമാനം സഹിതം, പ്രത്യേക അനുമതിയ്ക്കായി പരാമർശം 3 പ്രകാരം തിരുവനന്തപുരം നഗരസഭ മേയർ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട ശ്രീ. എൻ. ജോയിയുടെ മാതാവിന് കൈത്താങ്ങാവുന്നതിനായി;

i . നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളനുസരിച്ചുള്ള പരമാവധി ധനസഹായം വീട് നിർമ്മാണത്തിന് അനുവദിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ തനത് ഫണ്ട് വിനിയോഗിച്ച് വീട് നിർമ്മിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകികൊണ്ടും,

ii. ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വീട് നിർമ്മാണത്തിനാവശ്യമായ

ഭൂമി തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

a. വാങ്ങി നൽകുന്ന ഭൂമി വില പരമാവധി 2.5 ലക്ഷം രൂപക്കുള്ളിൽ ആയിരിക്കണം

b. ഭൂമിയുടെ അളവ് 5 സെന്റ് വരെ ആകാവുന്നതും എന്നാൽ 3 സെന്റിൽ കുറയുന്നില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 17-08-2024 14:53:59
സെക്ഷൻ ഓഫീസർ